**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 539** **09-11-2021 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നൽകുന്ന വായ്പകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി നൽകിവരുന്ന വിവിധ വായ്പകൾ ലളിതവും സൗകര്യപ്രദവുമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി നൽകിവരുന്ന വായ്പകൾ ലളിതവും സൗകര്യപ്രദവുമാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1. വായ്പാ വിതരണത്തിനും തിരിച്ചടവിനും കോർപ്പറേഷൻ ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കോർപ്പറേഷന് തനതായ സോഫ്റ്റ് വെയർ നിലനിൽക്കുന്നതിനാൽ ദൈനം ദിന പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നു. 2. പ്രവർത്തനങ്ങൾ കൂടുതൽ ഏകീകരിക്കുന്നതിനും വേഗത്തിലാക്കുന്നതിനും കോർപ്പറേഷന്റെ മൊബൈൽ ആപ്ലിക്കേഷൻ വികസന ഘട്ടത്തിലാണ്. 3. കോർപ്പറേഷൻ വഴി നൽകിവരുന്ന വായ്പാ പദ്ധതികളുടെ കുടുംബ വാർഷിക വരുമാന പരിധി 1,20,000/- രൂപയിൽ നിന്നും 3 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. 4. കൂടാതെ സംസ്ഥാനത്തെ പിന്നാക്ക / മത ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട കൂടുതൽ ആളുകൾക്ക് കോർപ്പറേഷന്റെ സേവനങ്ങൾ ലഭ്യമാക്കുന്നതിന് കോർപ്പറേഷന് 14 ജില്ലകളിലും ജില്ലാ ഓഫീസുകളും, 20 ഉപജില്ലാ ഓഫീസുകളും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. |
| (ബി) | പ്രസ്തുത വായ്പകളുടെ തുക വർദ്ധിപ്പിക്കുന്നതിനും സബ്സിഡി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC), ദേശീയ സഫായി കർമ്മചാരീസ് ധനകാര്യ വികസന കോർപ്പറേഷൻ (NSKFDC) എന്നീ ദേശീയ ഏജൻസികളുടെ ഫണ്ട് വിനിയോഗിച്ച് അവരുടെ മാനദണ്ഡങ്ങൾക്ക് വിധേയമായാണ് കോർപ്പറേഷൻ വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ടി വായ്പാ പദ്ധതികൾ പ്രകാരം തുക വർദ്ധിപ്പിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | കോർപ്പറേഷന് അധികാരമില്ല. എന്നാൽ കോർപ്പറേഷന്റെ തനത് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതികളുടെ തുക കാലാകാലങ്ങളിൽ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്. പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന സ്റ്റാർട്ട്-അപ്, റീ-ടേൺ എന്നീ രണ്ട് വായ്പാ പദ്ധതികൾക്കാണ് സബ്സിഡിയുള്ളത്. സ്റ്റാർട്ട്-അപ് പദ്ധതിയ്ക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നും, റീ-ടേൺ പദ്ധതിയ്ക്ക് നോർക്കാ റൂട്ട്സിൽ നിന്നുമാണ് സബ്സിഡി അനുവദിക്കുന്നത്. പിന്നാക്ക വിഭാഗ വികസന വകുപ്പും നോർക്കാ റൂട്ട്സും കാലാകാലങ്ങളിലുള്ള തീരുമാനങ്ങൾക്ക് വിധേയമായാണ് സബ്സിഡി നൽകുന്നത്. |

സെക്ഷൻ ഓഫീസർ